A3/56/2020-CLAD

**"ഭരണഭാഷ-മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**സാംസ്കാരിക കാര്യവകുപ്പ്** - പ്രേംനസീർ സ്മാരക നിർമ്മാണവുമായി ബന്ധപ്പെട്ട് സാംസ്കാരിക സമുച്ചയത്തിന്റെ ഫ്രണ്ട് എലിവേഷൻ, ഡി.പി.ആർ., ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയ വകയിൽ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയ്ക്ക് ചെലവായ തുക അധിക ധനാനുമതിയായി അനുവദിച്ച് ഉത്തരവാകുന്നു.

---

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.192/2025/CLAD  തീയതി,തിരുവനന്തപുരം, 26-03-2025

---

പരാമർശം:-
1. സ.ഉ.(സാധാ)നം36/2021/സാം.കാ.വ. തീയതി 30.01.2021
2. സ.ഉ.(സാധാ)നം.170/2021/സാം.കാ.വ. തീയതി 18.03.2021
3. സ.ഉ.(സാധാ)നം.371/2021/സാം.കാ.വ. തീയതി 05.10.2021
4. സ.ഉ.(സാധാ)നം.464/2021/സാം.കാ.വ. തീയതി 06.12.2021
5. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 23.11.2024 തീയതിയിലെ പി2-4880/24/സാം.വ. നമ്പർ കത്ത്.
6. സ.ഉ.(സാധാ) നം. 3041/2025/Fin തീയതി 25.03.2025.

**<u>ഉത്തരവ്</u>**

പ്രശസ്ത സിനിമാ നടനായിരുന്ന പ്രേം നസീറിന് ചിറയിൻകീഴിൽ സ്മാരക സാംസ്കാരിക നിലയം നിർമ്മിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള 230 ലക്ഷം രൂപ എസ്റ്റിമേറ്റ് ഉള്ള പദ്ധതിയിൽ എം.എൽ.എ.-യുടെ നിയോജകമണ്ഡലം ആസ്തിവികസന ഫണ്ടിൽ നിന്നും 98 ലക്ഷം രൂപ വിനിയോഗിച്ച് നടത്തുന്ന നിർമാണപ്രവർത്തനങ്ങൾക്ക് പുറമെ 132 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ "2205-00-102-08-32-പ്രേം നസീർ സാംസ്കാരിക നിലയം" എന്ന ശീർഷകത്തിൽ ചെലവ് വകയിരുത്തിക്കൊണ്ട് നിർവഹിക്കുന്നതിന് ഭരണാനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

**2.** മേൽ പദ്ധതിക്ക് അധികധനാനുമതിയായി 1,00,00,000/- രൂപ (ഒരു കോടി രൂപ മാത്രം) "2205-00-102-08-32-പ്രേം നസീർ സാംസ്കാരിക നിലയം (നോൺപ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നും പരാമർശം (2) പ്രകാരം അനുവദിച്ച് ഉത്തരവാകുകയും പരാമർശം (3) പ്രകാരം 2020-21 സാമ്പത്തിക വർഷം പിൻവലിക്കുവാൻ സാധിക്കാത്ത 1,00,00,000/- രൂപ, 2021-22 സാമ്പത്തിക വർഷം സ്മാരക നിർമ്മാണത്തിന്റെ നിർവ്വഹണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവായിട്ടുണ്ട്. കൂടാതെ പ്രേംനസീർ സ്മാരക നിർമ്മാണത്തിന്റെ മേൽനോട്ടം സാംസ്കാരിക ഡയറക്ടറുടെ നിർദ്ദേശങ്ങൾക്കനുസൃതമായി നിർവഹിക്കുന്നതിന് പരാമർശം (4) പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

3. സാംസ്കാരിക വകുപ്പിന് കീഴിൽ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ മേൽനോട്ടത്തിൽ ചിറയിൻകീഴിൽ നിർമ്മിക്കുന്ന പ്രേംനസീർ സാംസ്കാരിക സമുച്ചയത്തിന്റെ ഫ്രണ്ട് എലിവേഷൻ, ഡി.പി.ആർ., ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിനായി ടെണ്ടർ ക്ഷണിച്ച് വർക്ക് ഓർഡർ നൽകി കൺസൾട്ടിംഗ് ഏജൻസിയായ ഏക ആർക്കിടെക്ട് പ്രൈവറ്റ് ലിമിറ്റഡിനെ ചുമതലപ്പെടുത്തിയതായും പ്രസ്തുത ചുമതല നിർവ്വഹിച്ചതിന് ടി ഏജൻസിക്ക് ആകെ നൽകിയ തുകയായ 2,28,000/- രൂപ (രണ്ട് ലക്ഷത്തി ഇരുപത്തി എട്ടായിരം രൂപ മാത്രം) അനുവദിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്ന് സാംസ്കാരിക വകുപ്പ് ഡയറക്ടർ പരാമർശം (5) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

4. പരാമർശം (6) പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയ്ക്ക് ചെലവായ തുക അനുവദിക്കുന്നതിന് വേണ്ടി "2205-00-102-08-32-പ്രേംനസീർ സാംസ്കാരിക നിലയം" എന്ന പദ്ധതിയേതര ശീർഷകത്തിൽ 2,28,000/- രൂപ (രണ്ടു ലക്ഷത്തി ഇരുപത്തി എട്ടായിരം രൂപ മാത്രം) അധിക ധനാനുമതിയായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

5. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ, പ്രേംനസീർ സ്മാരക നിർമ്മാണവുമായി ബന്ധപ്പെട്ട് സാംസ്കാരിക സമുച്ചയത്തിന്റെ ഫ്രണ്ട് എലിവേഷൻ, ഡി.പി.ആർ., ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയ വകയിൽ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയ്ക്ക് ചെലവായ തുക അനുവദിക്കുന്നതിന് വേണ്ടി "2205-00-102-08-32-പ്രേംനസീർ സാംസ്കാരിക നിലയം" എന്ന പദ്ധതിയേത ശീർഷകത്തിൽ 2,28,000/- രൂപ (രണ്ടു ലക്ഷത്തി ഇരുപത്തി എട്ടായിരം രൂപ മാത്രം) അധിക ധനാനുമതിയായി അനുവദിച്ച് ഉത്തരവാകുന്നു.

6. പ്രസ്തുത തുക കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ വെള്ളയമ്പലം സബ് ട്രഷറിയിലുള്ള 799011400007093 എന്ന എസ്.റ്റി.എസ്.ബി. അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ. ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന സെക്രട്ടറി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ അടുത്ത ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ റിലീസ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രവും വിശദമായ ചെലവ് വിവരവും ലഭ്യമാക്കേണ്ടതാണ്.

7. അധികധനാനുമതി മുഖേന അനുവദിച്ചിട്ടുള്ള തുക നടപ്പ് സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപായി ധനപുനർവിനിയോഗം വഴി ക്രമീകരിക്കുന്നതിനുള്ള സമയബന്ധിത നടപടികൾ സാംസ്കാരിക വകുപ്പ് ഡയറക്ടർ കൈക്കൊള്ളേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJANI M

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, തിരുവനന്തപുരം.

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, സബ് ട്രഷറി വെള്ളയമ്പലം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ധനകാര്യ വകുപ്പ് (1538812/ EDN-C3/221/2020-FIN dated 25.03.2025)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Renju. A. R
Date: 26-03-2025 14:59:28
സെക്ഷൻ ഓഫീസർ